02-06-2023

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/06/2023.

1. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ ഗുണനിലവാരവും അത്യുത്പാദനശേഷിയുമുള്ള നേന്ത്രൻ, സ്വർണമുഖി, മഞ്ചേരി നേന്ത്രൻ, കദളി, കപ്പ, കാവേരി തുടങ്ങിയ ടിഷ്യുകൾച്ചർ വാഴതൈകൾ വിൽപനക്കായി തയാറായിട്ടുണ്ട്. തൈ ഒന്നിന് ഇരുപതു രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് 9383470293 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. വിവിധ മാവിനങ്ങളായ നീലം, ചന്ദ്രക്കാരൻ മല്ലിക, സിന്ദൂരം, ബംഗനാ ഹള്ളി, അൽഫോൺസ, ബെന്നറ്റ്അൽഫോൺസ, കൊളമ്പ്, കാലാപ്പാടി, ആപ്പിൾ റുമാനിയ എന്നിവയും റംമ്പൂട്ടാൻ ഗ്രാഫ്റ്റ്, ചാമ്പ ലയർ, മോഹിത് നഗർ, കാസർഗോടൻ എന്നീ കവുങ്ങിനങ്ങളും അവക്കാഡോ ഗ്രാഫ്റ്റ്, കുറ്റി കുരുമുളക് , കുരുമുളക് ഗ്രാഫ്റ്റ് നാരകം, കുരുമുളക് തൈ, കറിവേപ്പ്, ആര്യവേപ്പ്, പാഷൻ ഫ്രൂട്ട്, ഗ്രാംമ്പൂ, പേര, അനാർ, റംമ്പൂട്ടാൻ, സർവ്വ സുഗന്ധി, ഞാവൽ, ആത്തച്ചക്ക, പനീർ ചാമ്പ, തെങ്ങ് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850, 9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 127 ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഈ സേവനം ലഭിക്കുന്നതിന് 1962 എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"സസ്യങ്ങളിലെ പ്രജനനരീതികൾ: ബഡ്ഡിങ്, ഗ്രാഫ്റ്റിങ്"** എന്ന വിഷയത്തിൽ 2023 ജൂൺ 15 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 336 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 14 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 04872-370773 നമ്പറിൽ ബന്ധപ്പെടുക.

7. റബ്ബർ തൈ നടീലിനെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (02.06.2023) രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

റബ്ബർബോർഡിലെ ജോയിന്റ് റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **''മുയൽ വളർത്തൽ''** എന്ന വിഷയത്തിൽ ഇന്ന് (02/06/2023) രാവിലെ 10.00 മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491- 2815454 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **''അരുമ മൃഗങ്ങളുടെ പരിപാലനവും അലങ്കാര മത്സ്യകൃഷിയും''** എന്ന വിഷയത്തിൽ 2023 ജൂൺ 8 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 300 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2023 ജൂൺ 6 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 0487 2370773 നമ്പറിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം- പച്ചക്കറി നടീൽ**

10. മതിയായ അളവിൽ ഈർപ്പവും സൂര്യപ്രകാശവും ലഭിക്കുന്ന ഇടങ്ങളിൽ പച്ചക്കറി തൈകൾ നടാവുന്നതാണ്. ഇതിനായുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുമ്പോൾ ഒരു സെന്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാം. നഴ്സറി തൈകളിൽ 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 109 സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. തൈകൾ നടുന്നതിനോപ്പം മണ്ണിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. കീടരോഗ നിയന്ത്രണത്തിന് ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം